# കേരളഗവർമ്മെണ്ടിന്റെ വ്യവസായനയം

(കേരളഗവർമ്മെണ്ട്, തങ്ങളുടെ വ്യവസായനയത്തെ വിശദീകരിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്താവനയുടെ പൂർണ്ണരൂപമാണ് ചുവടെ ചേർക്കുന്നത്.)

കേരളസംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണം 14,992 ചതുരശ്രനാഴികമാത്രമേയുള്ളുവെങ്കിലും ജനസംഖ്യ 153 72 ലക്ഷമാണ്. കേരളത്തെപ്പോലുള്ള സ്ഥലങ്ങളുടെ സ്ഥിതിയിലുള്ള വ്യവസായവല്ക്കരണത്തിന്റെ ആവശ്യകത ഇന്ത്യാഗവർമ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. 1956-ഏപ്രിൽമാസത്തിലെ വ്യവസായനയപ്രമേയത്തിൽ ഈ വസ്തുത ഉറപ്പിച്ചുപറഞ്ഞിരിക്കുന്നു.

“....വ്യവസായവല്ക്കരണം കൊണ്ട് രാജ്യത്തിന്റെ ആകെയുള്ള സമ്പദ്‌വ്യവസ്ഥയ്ക്കു ഗുണം വരുന്നതിനു്, വിവിധ പ്രദേശങ്ങൾ തമ്മിൽ നിലവിലുള്ള വികസനവ്യത്യാസം ക്രമാനുഗതമായി കുറയ്ക്കേണ്ടതാണ്.” പ്രമേയം തുടരുന്നു: “17. വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ആളുകൾക്കും ശരിയായ സൗകര്യങ്ങളും പ്രോത്സാഹനവും നൽകേണ്ടതു് അത്യാവശ്യമാണ്. തൊഴിലാളികളുടെ ജീവിതസൗകര്യങ്ങളും തൊഴിൽസാഹചര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും അവരുടെ കാര്യക്ഷമത ഉയർത്തുകയും വേണം. വ്യവസായസമാധാനം പുലർത്തുകയെന്നതു് വ്യവസായപുരോഗതിയുടെ പ്രധാനപ്പെട്ട ഉപാധികളിൽ ഒന്നാണ്. ഒരു സോഷ്യലിസ്റ്റ് ജനാധിപത്യത്തിൽ വികസനമെന്ന പൊതു ചുമതലയിലെ ഒരു പങ്കാളിയാണ് തൊഴിലാളി. അതിൽ ഉത്സാഹത്തോടെ അവൻ പങ്കെടുക്കേണ്ടതാണ്. വ്യവസായബന്ധങ്ങൾ നിയന്ത്രിക്കുന്ന ചില നിയമങ്ങൾ പാസ്സായിട്ടുണ്ട്. മാനേജ്മെന്റിന്റെയും തൊഴിലാളികളുടെയും ഉത്തരവാദിത്വത്തെക്കുറിച്ചുള്ള വളർന്നുവരുന്ന ബോധത്തിന്റെ ഫലമായ വിശാലമായ ഒരു പൊതു സമീപനവും ഉണ്ടായിരിക്കുന്നു. പൊതുവായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്. തൊഴിലാളികളെയും സാങ്കേതിക വിദഗ്ദ്ധന്മാരെയും, സാദ്ധ്യമാകുന്ന സ്ഥലത്തൊക്കെ, കൂടുതൽ കൂടുതൽ മാനേജ്മെന്റ് കാര്യങ്ങളിൽ പങ്കെടുപ്പിക്കണം. ഇക്കാര്യത്തിൽ പൊതുമേഖലയിലെ സ്ഥാപനങ്ങൾ മാതൃകകാണിക്കണം.”

ശീഘ്രമായ വ്യാവസായികവികസനത്തിന്റെ പ്രാധാന്യത്തെപ്പററി ഈ സംസ്ഥാനത്തെ തൊഴിലാളിവർഗ്ഗം ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും ബോധ്യമുണ്ട്. ഈ വഴിക്കുള്ള എല്ലാ ശ്രമങ്ങളും പ്രോത്സാഹിപ്പിക്കാൻ കേരളഗവർമ്മെന്റിനു് ഉല്ക്കണ്ഠയുണ്ട്.

ഇന്ത്യയിലെ മൊത്തം ബെറിലിന്റെ 93 ശതമാനത്തോളം കേരളം ഉല്പാദിപ്പിക്കുന്നു. വയ്ക്കോൽ, മുള, സോഫ്റ്റ്‌വുഡ്, ഹാർഡ്‌വുഡ്, ലോഹമണൽ, പുൽതൈലം, മരച്ചീനിസ്റ്റാർച്ച്, ചീനക്കളിമണ്ണ് തുടങ്ങിയവ വൻതോതിൽ സംസ്ഥാനത്തുണ്ട്. അവ വൻകിട വ്യവസായങ്ങൾക്കും, ഇടത്തരം വ്യവസായങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കും പററിയതാണ്. ചെറിയ തോതിലുള്ള മററു നിർമ്മാണവ്യവസായങ്ങൾക്കുള്ള അസംസ്കൃതവിഭവങ്ങളും ഇവിടെ സമൃദ്ധിയായി ലഭിക്കുന്നു.

സംസ്ഥാനത്തെ സമൃദ്ധിയായ മഴമൂലം വ്യാവസായികാവശ്യങ്ങൾക്ക് എല്ലാസ്ഥലത്തും നല്ലവെള്ളം ധാരാളമായി ലഭിക്കുന്നതാണ്.

വ്യാവസായികാവശ്യങ്ങൾക്കു വളരെ കുറഞ്ഞനിരക്കിൽ സംസ്ഥാനത്തിന്റെ എല്ലാഭാഗത്തും വിദ്യുച്ഛക്തി ലഭിക്കുന്നുണ്ട്. കൂടുതൽ ജലവൈദ്യുത പദ്ധതികൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. സപ്ലൈയാകട്ടെ വർഷം മുഴുവനും ലഭിക്കുന്നു.

സംസ്ഥാനമൊട്ടാകെ ബന്ധിപ്പിക്കുന്ന ധാരാളം നല്ല റോഡുകളുണ്ട്. സംസ്ഥാനത്തിന്റെ വടക്കേഭാഗത്തെയും തെക്കൻപ്രദേശങ്ങളെയും കൊച്ചിതുറമുഖവുമായി ബന്ധിപ്പിക്കുന്ന റയിൽവേയ്ക്കുള്ള ശേഷിക്കുന്ന പണി ഈ വർഷംകൊണ്ടു പൂർത്തിയാകും. ഇന്ത്യയിലെ ഏററവും നല്ല തുറമുഖങ്ങളിൽ ഒന്നാണ് കൊച്ചി. വർഷത്തിന്റെ ഏതു സമയത്തും അവിടെ കയററിറക്ക് നടത്താൻ കഴിയും. തോടുകൾകൊണ്ടു കായലുകൾ ബന്ധിപ്പിച്ചിരിക്കുന്നതുകൊണ്ടു് സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ചെലവു കുറഞ്ഞ ഗതാഗതസൗകര്യങ്ങൾ ലഭിക്കുന്നു.

സംസ്ഥാനത്തെ ഉയർന്ന വിദ്യാഭ്യാസനിലവാരംമൂലം, സാങ്കേതികയോഗ്യതകളും സാമാന്യ വിദ്യാഭ്യാസവുമുള്ള ധാരാളം ആളുകളെ ജോലിക്കു ലഭിക്കുന്നു. ബുദ്ധിശക്തി, കായികമായ കഴിവു്, സാഹചര്യങ്ങളുമായി ചേരാനുള്ള സാമർത്ഥ്യം എന്നീ കാര്യങ്ങളിൽ ഏററവും മെച്ചപ്പെട്ടവരാണ് ഇവിടത്തെ വിദഗ്ദ്ധ തൊഴിലാളികളും അവിദഗ്ദ്ധതൊഴിലാളികളും.

ഈ സാദ്ധ്യതകളെല്ലാം ഉണ്ടായിട്ടും കേരളം ഇന്നും വ്യാവസായികമായി പിന്നോക്കം നിൽക്കുകയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തികവികാസത്തിനു് തങ്ങളുടെ പങ്കു വഹിക്കാൻ തയ്യാറുള്ള വ്യവസായികൾക്കു എല്ലാ പ്രോത്സാഹനവും സഹായവും കേരളഗവർമ്മെന്റ് ഉറപ്പുചെയ്യുന്നു.

1. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിലും അവ മാനേജ്ചെയ്യുന്നതിലും വ്യവസായികൾക്കു് എല്ലാ രീതിയിലുമുള്ള സഹായം നൽകുവാൻ ഗവർമ്മെന്റ് അങ്ങേയററം പ്രവർത്തിക്കുന്നതാണ്.

2. സെൻട്രൽഫിനാൻഷ്യൽകോർപ്പറേഷനിൽനിന്നും, വായ്പകൾനൽകുന്ന മററു ഗവർമ്മെന്റ് സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ വ്യവസായികൾക്കു് വായ്പലഭിക്കുവാനാവശ്യമായ ഉറപ്പുകൾ ഗവർമ്മെന്റ് നൽകുന്നതാണ്.

3. അസംസ്കൃതസാധനങ്ങൾ, യന്ത്രസാമഗ്രികൾ മററു് ഉല്പാദനോപകരണങ്ങളും വാങ്ങാനും ആഭ്യന്തരവും വിദേശീയവുമായ മാർക്കററുകൾ കണ്ടുപിടിക്കുവാനും ഗവർമ്മെന്റ് വ്യവസായികളെ സഹായിക്കുന്നതാണ്.

4. ന്യായമായ തോതിലുള്ള മൂലധനശേഖരണത്തിനും ന്യായമായ വിധത്തിലുള്ള ലാഭത്തിനും ഉറപ്പുനൽകുന്ന രീതിയിലായിരിക്കും ഗവർമ്മെന്റിന്റെ നികുതി വിലനയങ്ങൾ.

5. ഇന്ത്യാഗവർമ്മെന്റിന്റെ വ്യവസായനയപ്രമേയത്തിൽ പറഞ്ഞിരിക്കുംപോലെ, എ-യും ബി-യും ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വ്യവസായങ്ങൾ ദേശസാല്ക്കരിക്കുന്നതല്ല. എന്നാൽ ട്രാൻസ്പോർട്ടുവ്യവസായം ഇതിലുൾപ്പെടുന്നില്ല. വിവിധഘട്ടങ്ങളായി ആ വ്യവസായം ദേശസാൽക്കരിക്കുന്നതാണെന്ന പ്രഖ്യാപിതനയം ഗവർമ്മെണ്ട നടപ്പിലാക്കുന്നതാണ്.

ദേശീയസമ്പത്തിനു് നഷ്ടംവരുത്തുന്നവിധം ഏതെങ്കിലും ഒരു വ്യവസായത്തിന്റെ മാനേജുമെന്റിൽ കുഴപ്പം ഉണ്ടാകുകയോ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളും തൊഴിൽസാഹചര്യങ്ങളും സംബന്ധിച്ചുള്ള ഗവർമ്മെന്റിന്റെ നയങ്ങൾ അനുസരിക്കാൻ ഒരു വ്യവസായത്തിന്റെ മാനേജ്മെന്റ് മനപ്പൂർവ്വം തുടർച്ചയായി വിസമ്മതിക്കുകയോ ചെയ്താൽ മാത്രമേ ആ പ്രത്യേക വ്യവസായം ഗവർമ്മെന്റ് ദേശസാല്ക്കരിക്കുകയുള്ളു.

6. ദേശസാല്ക്കരിക്കപ്പെടുന്ന വ്യവസായങ്ങൾക്കു ന്യായമായ നഷ്ടപരിഹാരം നൽകുന്നതാണ്; കേന്ദ്രഗവർമ്മെന്റിന്റെ അനുമതിയോടെ വിദേശഉടമയിലുള്ള തോട്ടങ്ങൾ ദേശസാല്ക്കരിക്കുമ്പോഴും ഈ തത്വം നടപ്പിലാക്കുന്നതാണ്.

7. മുതലാളിമാരും തൊഴിലാളികളും തമ്മിൽ സമാധാനപരമായ ബന്ധങ്ങൾ സ്ഥാപിക്കാൻ ഗവർമ്മെന്റ് എല്ലാ കഴിവുകളും വിനിയോഗിക്കും. ന്യായമായ കൂലി, അലവൻസുകൾ, ബോണസ് തുടങ്ങിയവ ഉറപ്പുചെയ്യുന്ന ദീർഘകാലകരാറുകൾ ഉണ്ടാക്കുന്നതിനെ ഗ

വർമ്മെന്റ് പ്രോത്സാഹിപ്പിക്കും. തങ്ങളുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കാൻ തയ്യാറുള്ള മുതലാളിമാരുമായി ദീർഘകാലകരാറുകളിൽ ഏർപ്പെടുന്ന ഒരു നയം തങ്ങൾ സ്വീകരിക്കുന്നതു് തങ്ങളുടെതന്നെ താല്പര്യത്തിന് അനുയോജ്യമാണെന്ന് ഈ സംസ്ഥാനത്തെ തൊഴിലാളിവർഗ്ഗം മനസ്സിലാക്കുമെന്ന് ഗവർമ്മെന്റിന് വിശ്വാസമുണ്ട്. ഇരുകക്ഷികളും പരസ്പരം സഹകരിച്ചാൽ മാത്രമേ ഉറപ്പേറിയ വ്യാവസായികസമാധാനം കൈവരുകയുള്ളുവെന്ന് ഗവർമ്മെന്റിന് ബോദ്ധ്യമുണ്ട്.

ട്രേഡ്യൂണിയനുകൾ അംഗീകരിക്കപ്പെടുന്നതിനും, ഉരസലുകൾ ഒഴിവാക്കാൻ എല്ലാ ഘട്ടങ്ങളിലും കൂടിയാലോചനകൾ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും, ന്യായമായ അവകാശങ്ങൾ നേടാൻ തൊഴിലാളിയെ സഹായിക്കുന്നതിനും, ഉല്പാദനം തടസ്സംകൂടാതെ നടക്കുന്നതിനെ സൂക്ഷിക്കുവാനും ഗവർമ്മെന്റ് നടപടികളെടുക്കുന്നതാണ്. ഇതിലേക്ക്, (1) ഗവണ്മെന്റ് സംയുക്ത ആലോചനാസമിതികളും ത്രികക്ഷിബോർഡുകളും ഉപയോഗപ്പെടുത്തും. (2) തൊഴിലാളികളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കാൻ ഗവർമ്മെന്റ് മുതലാളിമാരോട് ശുപാർശചെയ്യും. ഇതു് ഉല്പാദനത്തിലുണ്ടാകുന്ന വിഷമതകൾ ഇല്ലാതാക്കാൻ സഹായിക്കും. ഗവർമ്മെന്റ് വ്യവസായസ്ഥാപനങ്ങളിൽ ഇത്തരം കൗൺസിലുകൾ രൂപീകരിച്ച് ഗവണ്മെന്റ് മാർഗ്ഗദർശനം നൽകുന്നതാണ്.

രാജ്യത്തിന്റെ സാമ്പത്തികവികസനത്തിൽ വ്യവസായികളുടെയും തൊഴിലാളികളുടെയും പ്രവർത്തനങ്ങൾ പരസ്പരവിരുദ്ധമാണെന്ന് കേരളഗവണ്മെന്റ് കരുതുന്നില്ല.

തൊഴിലാളിവർഗ്ഗത്തിന്റെ സംതൃപ്തിക്കും, സമുദായത്തിലെ അർഹമായ സ്ഥാനം അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർക്ക ബോദ്ധ്യമാകുകയും ചെയ്യുകയെന്നതു വ്യവസായികളുടെയും മററു ജനവിഭാഗങ്ങളുടെയും താല്പര്യംകൂടിയാണ്. തൊഴിലാളിവർഗ്ഗത്തിന് ഈ ബോധമുണ്ടായെങ്കിൽ മാത്രമേ, തൊഴിൽതർക്കങ്ങൾ ഇല്ലാതാകുകയും ഉല്പാദനസ്തംഭനം ഒഴിവാക്കുകയും ചെയ്യുന്നതിന് സഹായകരമായ അന്തരീക്ഷം വ്യവസായത്തിൽ വളരുകയുള്ളു. അതേ അവസരത്തിൽ തന്നെ ഒരു ഉയർന്ന വ്യവസായ-കാർഷിക സമ്പദ്‌വ്യവസ്ഥ നമ്മുടെ നാട്ടിലുണ്ടാകുന്നതിനുവേണ്ടി വ്യവസായം, വ്യാപാരം തുടങ്ങിയ സാമ്പത്തികപ്രവർത്തനങ്ങളിൽ തങ്ങളുടെ ന്യായമായ പങ്കുവഹിക്കാൻ സന്നദ്ധരാകുന്ന വ്യവസായികൾക്ക് എല്ലാ പ്രോത്സാഹനവും സഹായവും നൽകേണ്ടതു് തൊഴിലാളിവർഗ്ഗത്തിന്റെയും മററു് ജനവിഭാഗങ്ങളുടെയും താല്പര്യമാണ്.

"നാട്ടിന്റെ വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയിൽ ആസൂത്രിതമായ ദേശീയവികസനത്തിന്റെ ഒരു ഏജൻസിയെന്ന നിലയിൽ സ്വകാര്യമേഖലയ്ക്കു വളരുന്നതിനും വികസിക്കുന്നതിനും സൌകര്യമുണ്ടായിരിക്കും."

തങ്ങളുടെ വ്യവസായസമാധാനം മുതലാളിമാരുടെയും തൊഴിലാളികളുടെയും മേൽ അടിച്ചേല്പിക്കാൻ ഗവണ്മെന്റിന് സാദ്ധ്യമല്ല. എന്നാൽ ഇക്കാര്യത്തിൽ ദേശാഭിമാനപരവും ഉത്തരവാദിത്വപൂർണ്ണവുമായ മനോഭാവം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി മുതലാളികളും തൊഴിലാളികളും ഒന്നുപോലെ മനസ്സിലാക്കി അവരെ സഹായിക്കുമെന്ന് ഗവണ്മെന്റ് വിശ്വസിക്കുന്നു. അതേ അവസരത്തിൽതന്നെ എല്ലാ വ്യവസായങ്ങളെയും — വൻകിടയായാലും, ഇടത്തരമായാലും, ചെറുകിടയായാലും—സഹായിക്കുന്നതിൽ കാര്യക്ഷമതയോടും ഉത്സാഹത്തോടുംകൂടി ഗവർമ്മെന്റ് പ്രവർത്തിക്കുമെന്നു് ഉറപ്പുപറയാനും ആഗ്രഹിക്കുന്നു.

—*—